# വിജയവീഥി സംബന്ധിച്ച നിർദ്ദേശങ്ങൾ

കേരള സ്റ്റേറ്റ് റൂട്രോണിക്സിന്റെ മത്സര പരീക്ഷ പരിശീലന പദ്ധതിയ്ക്കായി അനുമതി ലഭിച്ചിരിക്കുന്ന വിജയവീഥി പരിശീലന കേന്ദ്രങ്ങൾ (VIJAYAVEEDHI TRAINING CENTRE (VTC)) ഉദ്യോഗാർത്ഥികൾക്ക്/വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ റൂട്രോണിക്സിൽ രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ട്. പ്രസ്തുത രജിസ്ട്രേഷനായി വിദ്യാർത്ഥികളെ കേരള സ്റ്റേറ്റ് റൂട്രോണിക്സിന്റെ വെബ്പേജിലൂടെ (www.keralastaterutronix.com) രജിസ്ട്രേഷൻ, ചെല്ലാൻ ജനറേഷൻ, പേയ്മെന്റ് മുതലായവ എങ്ങനെ ചെയ്യാമെന്ന് പരിശീലന കേന്ദ്രങ്ങൾ അറിഞ്ഞിരിക്കേണ്ടതും, അതിലേയ്ക്കായി ഇവിടെ സൂചിപ്പിക്കുന്ന കാര്യങ്ങൾ എല്ലാ വിജയവീഥി പരിശിലന കേന്ദ്രവും മനസ്സിലാക്കി പിൻതുടരേണ്ടതുമാണ്.

## പരിശീലനകേന്ദ്രം എങ്ങനെ ലോഗിൻ ചെയ്യാം

- റൂട്രോണിക്സ് വെബ്പേജിൽ (www.keralastaterutronix.com) കാണുന്ന വിജയവീഥി ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ ഓപ്പണായി വരുന്ന പേജിൽ വലതുവശത്ത് മുകളിലായി ലോഗിൻ എന്നുകാണാം. കഴ്സർ ഈ ലോഗിനുമുകളിൽ വയ്ക്കുമ്പോൾ വരുന്ന ഡ്രോപ്പ്ഡൗൺ ലിസ്റ്റിൽ നിന്നും VTC-യിൽ ക്ലിക്ക് ചെയ്യുക.



- ലോഗിൻ പേജ് ഓപ്പണായി വരുന്നതുകാണാം. ഈ ലോഗിൻ പേജിൽ പരിശീലനകേന്ദ്രത്തിന്റെ ഒഫിഷ്യൽ ഇ-മെയിൽ അഡ്രസ്സ് (ഒഫിഷ്യൽ ഇ-മെയിൽ തന്നെയാണ് സെന്ററിന്റെ user name -ഉം), പാസ്‌വേർഡ് (VTC-യ്ക്ക് റൂട്രോണിക്സ് അനുവദിച്ചിരിക്കുന്ന) നൽകി ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്താൽ വി.റ്റി.സിയുടെ ഡാഷ്ബോർഡ് ഓപ്പണാകും.




- വി.റ്റി.സിയുടെ പാസ്‌വേർഡ് ലഭ്യമായിട്ടില്ലെങ്കിൽ ലഭിക്കുന്നതിനായി ലോഗിൻ പേജിൽ കാണുന്ന Get Password-ൽ ക്ലിക്ക് ചെയ്യുമ്പോൾ വരുന്ന പേജിൽ ഒഫിഷ്യൽ ഇ-മെയിൽ ഐ.ഡി നൽകി സബ്മിറ്റ് ചെയ്താൽ പാസ്‌വേർഡ് ഇ-മെയിലിൽ ലഭിക്കുന്നതാണ്.



## വിദ്യാർത്ഥികളെ എങ്ങനെ രജിസ്ട്രേഷൻ ചെയ്യാം

- ലോഗിൻ ചെയ്ത് വരുന്ന വി.റ്റി.സിയുടെ ഡാഷ്ബോർഡിൽ അതാത് സെന്ററുകളിലെ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുന്നതാണ്. ഈ പേജിൽ വിദ്യാർത്ഥികളെ രജിസ്റ്റർ/ആഡ് ചെയ്യുന്നതിനും, ചെല്ലാൻ ജനറേഷൻ, പേയ്മെന്റ് ഓപ്ഷൻ സെലക്ട് ചെയ്യുന്നതിനും, വിദ്യാർത്ഥികളുടെ ലിസ്റ്റ്, റിപ്പോർട്ട് മുതലായവ എടുക്കുന്നതിനും പരിശീലനകേന്ദ്രങ്ങൾക്ക് സാധിക്കും.




- വിദ്യാർത്ഥികളെ രജിസ്റ്റർ/ആഡ് ചെയ്യുന്നതിനായി വി.റ്റി.സിയുടെ ഡാഷ്ബോർഡിൽ ഇടതുസൈഡിൽ Student Details എന്നതിൽ സബ്മെനുവായി വരുന്നതിൽ നിന്നും Add Student-ൽ ക്ലിക്ക് ചെയ്യുമ്പോൾ വലതുവശത്തായി ഓപ്പണായി വരുന്ന Student Registration പേജിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ (Step 1: Enter Student Details) നൽകി, ഫോട്ടോ അപ്ലോഡ് ചെയ്ത്, പേയ്മെന്റ് ഓഫ്ഷൻ സിംഗിൾ എന്നൊ, ഗ്രൂപ്പെന്നോ സെലക്ട് ചെയ്ത് Proceed Button ഉപയോഗിച്ച് സബ്മിറ്റ് ചെയ്യാവുന്നതാണ്. വിറ്റി.സികൾക്ക് ഇങ്ങനെ ഓരോ വിദ്യാർത്ഥികളേയും രജിസ്ട്രർ/ആഡ് ചെയ്യാൻ കഴിയും.

## പേയ്മെന്റ്-ചെല്ലാൻ എങ്ങനെ ജനറേറ്റ് ചെയ്യാം

- വിദ്യാർത്ഥി/വിദ്യാർത്ഥികളെ ആഡ് ചെയ്യുമ്പോൾ Payment Details എന്ന പേജ് ഓപ്പണായി വരുന്നത് കാണാം. ഈ പേജിൽ നമ്മൾ നൽകിയിരിക്കുന്ന വിവരങ്ങൾ, Payment ID, Registration Fee Amount എന്നിവ കാണുന്നതാണ്. ഇവിടെ വലതുവശത്ത് താഴെയായി കാണുന്ന Download Payslip എന്ന ബട്ടൺ ക്ലിക്ക് ചെയ്താൽ ജനറേറ്റായ ചെല്ലാൻ ഫോം ഡൗൺലോഡ് ആകുന്നത് കാണാം.

- നേരത്തെ ആഡ് ചെയ്തിരിക്കുന്ന വിദ്യാർത്ഥികളുടെ ചെല്ലാൻ ജനറേറ്റ് ചെയ്യുന്നതിനായി ഡാഷ്ബോർഡിൽ ഇടതുസൈഡിൽ Student Details എന്നതിൽ സബ്മെനുവായി വരുന്നതിൽ നിന്നും Generate Payment Slip-ൽ ക്ലിക്ക് ചെയ്യുമ്പോൾ വരുന്ന പേജിൽ നിന്നും വിദ്യാർത്ഥി/വിദ്യാർത്ഥികളെ സെലക്ട് ചെയ്ത് GENERATE PAYSLIP എന്ന ബട്ടൺ ക്ലിക്ക് ചെയ്താൽ ചെല്ലാൻ ഫോം ജനറേറ്റ് ചെയ്യാവുന്നതാണ്.
- പേയ്മെന്റ് അടയ്ക്കുന്നതിന് ഡൗൺലോഡായി വന്നിരിക്കുന്ന ചെല്ലാൻ ഉപയോഗിച്ച് ബാങ്കിലൂടെ പേയ്മെന്റ് അടയ്ക്കാൻ കഴിയും. ഇത്തരത്തിലടയ്ക്കുന്ന തുകയാണ് വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് (കോഴ്സ് ഫീസിന്റെ 25%-ഉം, പുറമെ ജി.എസ്.റ്റിയും ഉൾപ്പെട്ടിരിക്കുന്നതാണ് രജിസ്ട്രേഷൻ ഫീസ്. ഇത് കൂടാതെ ചിലപ്പോൾ ബാങ്ക് ചാർജ്ജും കൂടി ഉൾപ്പെട്ടിരിക്കാം) ആയി റൂട്രോണിക്സിലോട്ട് അടയ്ക്കേണ്ടത്.
- റൂട്രോണിക്സിൽ പേയ്മെന്റ് ബാങ്കിൽ നേരിട്ട്/നെറ്റ്ബാങ്കിംഗ്/ഗൂഗിൾപേ/യു.പി.ഐ മുതലായവ മുഖാന്തിരം അടയ്ക്കാവുന്നതാണ്.
- ചെല്ലാന് മൂന്ന് പാർട്ട് ഉണ്ടാകും. ബാങ്കിൽ നേരിട്ട് പേയ്മെന്റ് അടയ്ക്കുകയാണെങ്കിൽ ഒരു പാർട്ട് ബാങ്കിനും, രണ്ടാമത്തെ പാർട്ട് റൂട്രോണിക്സിനും, മൂന്നാമത്തെ പാർട്ട് സെന്ററിനും ഉള്ളതാണ്.



| Note to Bank:-Please fill in Chalan No & Fee | | |
|---|---|---|
| FEDERAL BANK | FEDERAL BANK | FEDERAL BANK |
| Credit to the account of KERALA STATE RUTRONIX<br>Account No:-21780200001388<br>IFSC Code:- FDRL0002178<br>PAN No:- AAAAK4441Q | Credit to the account of KERALA STATE RUTRONIX<br>Account No:-21780200001388<br>IFSC Code:- FDRL0002178<br>PAN No:- AAAAK4441Q | Credit to the account of KERALA STATE RUTRONIX<br>Account No:-21780200001388<br>IFSC Code:- FDRL0002178<br>PAN No:- AAAAK4441Q |
| BANK COPY | RUTRONIX COPY | VTC / STUDENT COPY |
| Chalan No: VW004210019 | Chalan No: VW004210019 | Chalan No: VW004210019 |
| Fee ₹: 1327.5 | Fee ₹: 1327.5 | Fee ₹: 1327.5 |
| Bank Charge ₹: 0 | Bank Charge ₹: 0 | Bank Charge ₹: 0 |
| Total Amount ₹: 1327.5 | Total Amount ₹: 1327.5 | Total Amount ₹: 1327.5 |
| Amount in words:-One thousand, three hundred and twenty-seven point five Only<br>Date:- Signature of Remitter | Amount in words:-One thousand, three hundred and twenty-seven point five Only<br>Date:- Signature of Remitter | Amount in words:-One thousand, three hundred and twenty-seven point five Only<br>Date:- Signature of Remitter |
| To be filled by the Bank<br>Journal No<br>Authorised Signatory Seal/Date | To be filled by the Bank<br>Journal No<br>Authorised Signatory Seal/Date | To be filled by the Bank<br>Journal No<br>Authorised Signatory Seal/Date |

- പേയ്മെന്റ് അടച്ചുകഴിഞ്ഞാൽ റൂട്രോണിക്സിന്റെ പാർട്ട്, വിദ്യാർത്ഥികളുടെ ലിസ്റ്റ് എന്നിവ ഉൾപ്പെടുത്തി കവറിംഗ് കത്ത് ഉൾപ്പടെ പോസ്റ്റായോ, ഇ-മെയിൽ ആയോ (vijayaveedhi.rx@gmail.com) റൂട്രോണിക്സിൽ അയക്കേണ്ടതാണ്.